അനന്തപുരി

www.keralakaumudi.com www.facebook.com/keralakaumudi

അവധിക്കാല ക്ലാസ്

തിരുവനന്തപുരം: ഇടപ്പഴിഞ്ഞി തരംഗനിസരി സ്കൂൾ ഒഫ് മ്യൂസിക്കിൽ അവധിക്കാല ക്ലാസുകൾ ഏപ്രിൽ ഒന്നിന് ആരംഭിക്കും. തിങ്കൾ മുതൽ ശനി വരെ നടക്കുന്ന ക്ലാസുകൾ മേയ് 31 വരെയാണ് ക്ലാസ്. മ്യൂസിക്, കീബോർഡ്, ഗിറ്റാർ, തബല, മൃദംഗം, വയലിൻ, ഡാൻസ്, ഡ്രംസ്, ഡ്രോയിംഗ്, സ്പോക്കൺ ഇംഗ്ലീഷ് എന്നീ വിഷയങ്ങളിലാണ് ക്ലാസുകൾ സംഘടിപ്പിക്കുന്നത്.ഫോൺ: 2736585, 2320822, 8590733444

തിരുവനന്തപുരം:ശാസ്ത്രീയ സംഗീതം,ലളിത സംഗീതം, സംഘഗാനം ടീം പരിശീലനം,ഭക്തിഗാനപരിശീലനം തുടങ്ങിയവയിൽ തിരുമലസിംഫണി നടത്തുന്ന അവധിക്കാലക്ലാസുകളിലേക്കുള്ള പ്രവേശനം ഏപ്രിൽ 1ന്ആരംഭിക്കും. വിശദവിവരങ്ങൾക്ക് ഫോൺ: 9447552170.

തിരുവനന്തപുരം: കവടിയാർ സാൽവേഷൻ ആർമി സ്കൂളിന്റെസഹകരണത്തോടെ സ്കൂൾഗ്രൗണ്ടിൽ ആരംഭിക്കുന്ന ഫുട്ബാൾ പരിശീലനം ഏപ്രിൽ 1 ന്രാവിലെ 7ന്സാൽവേഷൻ ആർമി എഡ്യൂക്കേഷൻ സെക്രട്ടറി മേജർ സൈലസ് ഉദ്ഘാടനം ചെയ്യും. 8 വയസുമുതൽ 18 വയസുവരെയുള്ള ആൺകുട്ടികൾക്ക് 29 മുതൽ രജിസ്റ്റർ ചെയ്യാം. തിങ്കൾ മുതൽ വെള്ളി വരെ രാവിലെ 7 മണിമുതൽ 9.30 വരെയാണ് പരിശീലനം. സന്തോഷ്ട്രോഫി കോച്ച് കവടിയാർ പി.ജി. ജോർജ്ജ്, നജുമുദീൻ, രാഹുൽ എന്നിവർ നേതൃത്വം നൽകും. വിശദവിവരങ്ങൾക്ക് ഫോൺ : 9495381179, 9446337758.

വീട്ടുകരം സ്വീകരിക്കും

തിരുവനന്തപുരം: നന്തൻകോട് വാർഡിലെ വീട്ടുകരം 24ന് രാവിലെ 10 മുതൽ 1 വരെ വാട്ട്സ് ലെയിൻ ഹൗസ് നമ്പർ 53ൽ വച്ച്നഗരസഭാ അധികൃതർ സ്വീകരിക്കമെന്ന്റസിഡൻസ്അസോസിയേഷൻ സെക്രട്ടറി അറിയിച്ചു. വിവരങ്ങൾക്ക് ഫോൺ: 8547474596

സംഭാരം വിതരണം

തിരുവനന്തപുരം : കരിക്കകം ശ്രീചാമുണ്ഡി ക്ഷേത്രത്തിലെ പൊങ്കാല ദിവസമായ ഇന്നലെ കോൺഗ്രസ് കടകംപള്ളി കമ്മിറ്റിയുടെ നേതൃത്വത്തിൽ ക്ഷേത്ര പരിസരത്ത് സംഭാരം വിതരണം ചെയ്തു. ചടങ്ങിന് മണ്ഡലം വൈസ് പ്രസിഡന്റ് വി.ആർ. സുരേഷ് ബാബു, എസ്.എൻ. ട്രസ്റ്റ് ബോർഡ് മെമ്പർ കരിക്കകം കെ. സുരേന്ദ്രൻ, എൻ. അനിൽകുമാർ എന്നിവർ നേതൃത്വം നൽകി.

വൈദ്യുതി മുടങ്ങും

തിരുവനന്തപുരം:കടപ്പനക്കുന്ന് വൈദ്യുതി സെക്ഷനിലെ ഇരപ്പുകുഴി, കൃഷ്ണനഗർ, ചൂഴമ്പാല, യമുനാനഗർ പേരൂർക്കട സെക്ഷനിലെ ആയുർക്കോണം ശ്രീകാര്യം സെക്ഷനിലെ ശ്രീകാര്യം ടൗൺ വെള്ളയമ്പലം സെക്ഷനിലെ പാങ്ങോട് മാർക്കറ്റും പരിസരം, കോട്ടൺഹിൽ പ്രദേശം, ശ്രീവരാഹം സെക്ഷനിലെ വള്ളക്കടവ്, ഈഞ്ചയ്ക്കൽ എന്നീ പ്രദേശങ്ങളിൽ ഇന്ന് രാവിലെ 9 മുതൽ വൈകിട്ട് 5വരെ വൈദ്യുതി മുടങ്ങും.

വെയിലൂർക്കോണം ഭഗവതി ക്ഷേത്രം

ശ്രീകാര്യം: ചെറുവയ്ക്കൽ വെയിലൂർക്കോണം ഭഗവതി ക്ഷേത്രത്തിൽ പണികഴിപ്പിച്ച മഹാഗണപതി ക്ഷേത്രത്തിലെ പുനഃപ്രതിഷ്ഠ 21 ന് രാവിലെ 6.30നും 7.30നും ഇടയിൽ തന്ത്രി കൃഷ്ണരു വാസുദേവരുവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടക്കുമെന്ന് സെക്രട്ടറി ആർ.ജയകുമാർ അറിയിച്ചു.ക്ഷേത്ര മേൽശാന്തി സൂര്യനാരായണൻ പോറ്റി സഹകാർമ്മികത്വം വഹിക്കും.

ക്വിസ് മത്സരം

തിരുവനന്തപുരം: ഐക്യരാഷ്ട്രസഭ വിഭാവനം ചെയ്തിരിക്കുന്ന 17 സുസ്ഥിര വികസന ലക്ഷ്യത്തെ വിഷയമാക്കി 25 വയസുവരെയുള്ളവർക്കായി ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സസ്റ്റൈനബിൾ ഡെവലപ്മെന്റ് ആൻഡ് ഗവേണൻസ് ക്വിസ് മത്സരം സംഘടിപ്പിക്കുന്നു. രണ്ടംഗ ടീമായി മത്സരത്തിൽ പങ്കെടുക്കാം. മത്സരം 28 ന് തിരുവനന്തപുരം വിമെൻസ് കോളേജിൽ. രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കും ഫോൺ: 9895236566.

തിരുവനന്തപുരം: കേരള ലാ സെക്രട്ടേറിയറ്റ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന പി.ജി ബെന്നി മെമ്മോറിയൽ ഇന്റർ കൊളീജിയറ്റ് ലീഗൽ ക്വിസ് മത്സരം 26 ന് നടക്കും. ഉച്ചയ്ക്ക് 1ന് സെക്രട്ടേറിയറ്റ് അസോസിയേഷൻ ഹാളിലാണ് മത്സരം. നിയമവിദ്യാർത്ഥികളായ രണ്ട് പേരടങ്ങുന്ന ടീമിന് പങ്കെടുക്കാം. ഒന്നാം സ്ഥാനം നേടുന്നവർക്ക് 3000 രൂപയും ട്രോഫിയും സർട്ടിഫിക്കറ്റും ലഭിക്കും. രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്നവർക്ക് യഥാക്രമം 2000, 1000 രൂപയും ട്രോഫിയും സർട്ടിഫിക്കറ്റുമാണ് ലഭിക്കുക. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 9447750939, 8921780803

ബൂത്തുകൾ ഭിന്നശേഷി സൗഹൃദമാക്കണം

തിരുവനന്തപുരം : ലോക്സഭ ഇലക്ഷനുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ എല്ലാ പോളിംഗ് സ്റ്റേഷനുകളും ബൂത്തുകളും ഭിന്നശേഷിക്കാർക്ക് സ്വതന്ത്രമായി വോട്ട് രേഖപ്പെടുത്താൻ പര്യാപ്തമായ ഭിന്നശേഷി സൗഹൃദമായിരിക്കണമെന്ന് ഡിഫറന്റ്‌ലി ഏബിൾഡ് പേഴ്സൺസ് വെൽഫെയർ ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റ് അഡ്വ. പരശുവയ്ക്കൽ മോഹനൻ ഇലക്ഷൻ കമ്മിഷനോടും സംസ്ഥാനത്തെ ചീഫ് ഇലക്ടറൽ ഓഫീസിനോടും ആവശ്യപ്പെട്ടു.

ചെസ് ഫെസ്റ്റിവൽ

തിരുവനന്തപുരം: ഉള്ളൂർ കാപ്പാ ബ്ലാങ്കാ ചെസ് സ്കൂൾ വാർഷികാഘോഷങ്ങളുടെ ഭാഗമായി 23 മുതൽ 30 വരെ ചെസ് ഫെസ്റ്റിവൽ നടത്തുമെന്ന് ഭാരവാഹികളായ വിജിൻ ബാബു, കാർത്തിക എന്നിവർ വാർത്താസമ്മേളനത്തിൽ അറിയിച്ചു. ഒരാഴ്ച നീളുന്ന പരിപാടിയിൽ ക്ലാസിക്കൽ ചെസ് ചാമ്പ്യൻഷിപ്പ്, റാപ്പിഡ്, ബ്ലിറ്റ്സ് എന്നീ വിഭാഗങ്ങളിലായാണ് മത്സരങ്ങൾ. ഇതോടൊപ്പം 26ന് ഏകദിന സൗജന്യ ചെസ് ക്യാമ്പും നടത്തും. മത്സരങ്ങളിലും ക്യാമ്പിലും പങ്കെടുക്കുന്നതിന് 9496446684 എന്ന നമ്പറിൽ ബന്ധപ്പെടുക.

ചാക്ക വടക്കേവിളാകം അപ്പൂപ്പൻ ക്ഷേത്രം

തിരുവനന്തപുരം: ചാക്ക ഐ.ടി.ഐ ജംഗ്ഷൻ വടക്കേവിളാകം അപ്പൂപ്പൻ ക്ഷേത്രത്തിലെ വാർഷികോത്സവം 24,25,26 തീയതികളിൽ നടക്കും. 24ന് രാവിലെ 9.42നും 10.42നും മദ്ധ്യേ തൃക്കൊടിയേറ്റ്.25ന് രാത്രി നാഗരൂട്ട്. സർപ്പബലി.26ന് രാവിലെ 9.10ന് പൊങ്കാല, 11ന് ഉമാമഹേശ്വരപൂജ,11.45ന് പൊങ്കാല നൈവേദ്യം,12ന് കഞ്ഞിസദ്യ,രാത്രി 7.30ന് പുറത്തെഴുന്നള്ളിപ്പ്,10ന് ആറാട്ട്,11 ന് പൊങ്കാല വിളയാടൽ,12ന് പൂപട, പുലർച്ചെ 1 ന് ഉത്സവ സമാപനപൂജ, 1.30ന് വെടിക്കെട്ട്,2ന് ഗുരുസി. ഉത്സവദിവസങ്ങളിൽ രാവിലെ 4.30ന് നിർമ്മാല്യം, 5ന് അഷ്ടദ്രവ്യ മഹാഗണപതിഹോമം, 6ന് പുരാണ പാരായണം,6.30ന് ഉഷഃപൂജ, 8ന് കൊടിമരപൂജ,9ന് കലശപൂജ,11ന് കലശപൂജ, 12.15ന് ഉച്ചപൂജ, വൈകിട്ട് 5ന് നടതുറക്കൽ, 7ന് അലങ്കാര ദീപാരാധന,7.30ന് ഭഗവതിസേവ,9ന് അത്താഴപൂജ എന്നിവയുണ്ടായിരിക്കും.

'കേരളത്തിലെ കമ്യൂണിസ്റ്റ് പാർട്ടിയുടെ ചരിത്രം' പ്രകാശനം ചെയ്തു

തിരുവനന്തപുരം: വിളപ്പിൽശാല ഇ.എം.എസ് അക്കാഡമിയിൽ നടന്ന ഇ.എം.എസ് അനുസ്മരണ സമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. 'കേരളത്തിലെ കമ്യൂണിസ്റ്റ് പാർട്ടിയുടെ ചരിത്രം' രണ്ടും മൂന്നും ഭാഗങ്ങൾ മുഖ്യമന്ത്രി പ്രകാശനം ചെയ്തു. വി.എസ്. അച്യുതാനന്ദൻ പുസ്തകം ഏറ്റുവാങ്ങി.കോടിയേരി ബാലകൃഷ്ണൻ അദ്ധ്യക്ഷത വഹിച്ചു. സി.പി.എം ജില്ലാ സെക്രട്ടറി ആനാവൂർ നാഗപ്പൻ, എം. വിജയകുമാർ, ഡോ. വി. ശിവദാസൻ, കാട്ടാക്കട ശശി, പുത്തൻകട വിജയൻ, ഐ.ബി. സതീഷ് എം.എൽ.എ എന്നിവർ പങ്കെടുത്തു.

തലസ്ഥാനത്ത് വീണ്ടും എ.ടി.എം തട്ടിപ്പ്: ഗൃഹനാഥന്റെ രണ്ട് ലക്ഷം രൂപ നഷ്ടപ്പെട്ടു

തിരുവനന്തപുരം: പേയാട് സ്വദേശിയുടെ എസ്.ബി.ഐ അക്കൗണ്ടിൽ നിന്ന് എ.ടി.എം വഴി ലക്ഷങ്ങൾ പിൻവലിച്ചതായി പരാതി. പേയാട് സരസ്വതി ഭവനിൽ ജയകുമാരൻ നായരുടെ അക്കൗണ്ടിൽ നിന്നാണ് പണം നഷ്ടപ്പെട്ടതായി കാണിച്ച് പട്ടം സൈബർ പൊലീസ് സ്റ്റേഷനിൽ പരാതി നൽകിയിരിക്കുന്നത്. രണ്ട് ലക്ഷം രൂപ നഷ്ടപ്പെട്ടതായാണ് പരാതിയിൽ പറയുന്നത്.

വലിയവിളയിലെ എസ്.ബി.ഐ ബാങ്കിലാണ് ജയകുമാരൻ നായർക്ക് അക്കൗണ്ടുള്ളത്. ആധാരമെഴുത്തുകാരനായ ഇദ്ദേഹം കഴിഞ്ഞ 12ന് അക്കൗണ്ടിൽ അഞ്ചുലക്ഷം രൂപ നിക്ഷേപിച്ചിരുന്നു. കഴിഞ്ഞ ദിവസം ഇതിൽ നിന്ന് രണ്ടു ലക്ഷം രൂപ പിൻവലിക്കാൻ ശ്രമിച്ചപ്പോഴാണ് പണം നഷ്ടപ്പെട്ട വിവരം അറിയുന്നത്.

മൂന്നു ലക്ഷം രൂപ മാത്രമാണ് അക്കൗണ്ടിൽ ബാക്കിയുണ്ടായിരുന്നത്. തുടർന്ന് നടത്തിയ അന്വേഷണത്തിൽ 14-ാം തീയതി മുതൽ പന്ത്രണ്ട് തവണയായി അക്കൗണ്ടിൽ നിന്ന് പണം പിൻവലിച്ചതായി ബാങ്ക് അധികൃതർ അറിയിച്ചു.

ബിഹാറിലെ എ.ടി.എമ്മിൽ നിന്നാണ് പണം പിൻവലിക്കപ്പെട്ടിരിക്കുന്നതെന്നും കണ്ടെത്തിയിട്ടുണ്ട്. സാധാരണ പണം അക്കൗണ്ടിൽ വന്നാലും പിൻവലിച്ചാലും ബാങ്കിൽ നിന്ന് സന്ദേശങ്ങൾ ലഭിക്കാത്തതിനെത്തുടർന്ന് പണം നഷ്ടപ്പെട്ട കാര്യം ബാങ്കിലെത്തിയപ്പോഴാണ്അറിഞ്ഞതെന്ന്ജയകുമാരൻ നായർ പറയുന്നു. സൈബർ പൊലീസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചു.

സ്കൂട്ടറിൽ കാറിടിച്ച് അമ്മയ്ക്കും മകൾക്കും ഗുരുതര പരിക്ക്

പോത്തൻകോട്: കാർ സ്കൂട്ടറിൽ ഇടിച്ച് സ്കൂട്ടർ യാത്രികരായ അമ്മയ്ക്കുമകൾക്കുഗുരുതരപരിക്ക്. ചന്തവിള പാട്ടവിളാകം സ്വദേശികളായ സുനിത (41), മകളും ഡിഗ്രി വിദ്യാർത്ഥിനിയുമായ ഹേമ (20) എന്നിവർക്കാണ് പരിക്കേറ്റത്. ഇന്നലെ വൈകിട്ട് 6ന് മേലേ ചന്തവിള ജംഗ്ഷനിലായിരുന്നു അപകടം.പോത്തൻകോട് ഭാഗത്തുനിന്ന് ഒരേ ദിശയിൽ വന്ന ആയൂർ സ്വദേശിയുടെ കാറും സ്കൂട്ടറുമാണ് അപകടത്തിൽപ്പെട്ടത്. അമിതവേഗതയിലെത്തിയ കാറിന്റെ പിറകുവശത്തെ ഡോറിന്റെ ഭാഗം സ്കൂട്ടറിൽ ഇടിച്ചാണ് അപകടം.റോഡിൽ തെറിച്ചു വീണ് തലയ്ക്ക് ഗുരുതരമായി പരിക്കേറ്റ ഇരുവരെയും നാട്ടുകാരാണ് മെഡിക്കൽ കോളേജ് ആശുപത്രിയിൽ എത്തിച്ചത്. സ്ഥലത്തെത്തിയപോത്തൻകോട് സി.ഐയുടെ നേതൃത്വത്തിൽ കാർ സ്റ്റേഷനിലേക്ക് മാറ്റി.

പാഠഭാഗം പിൻവലിച്ചത് പ്രതിഷേധാർഹം: എ.കെ.എസ്.ടി.യു

തിരുവനന്തപുരം: പാഠപുസ്തകത്തിന്റെ പഠനഭാരം കുറയ്ക്കാനെന്ന പേരിൽ എൻ.സി.ഇ.ആർ.ടി ഒമ്പതാം ക്ലാസ് ചരിത്ര പാഠപുസ്തകത്തിൽ കേരളത്തിന്റെ നവോത്ഥാനകാല പോരാട്ടം ഒഴിവാക്കിയത് പ്രതിഷേധാർഹമാണെന്ന് എ. കെ. എസ്. ടി. യു പ്രസ്താവിച്ചു. നടപടി തിരുത്താൻ കേന്ദ്ര സർക്കാരും, എൻ.സി.ഇ.ആർ.ടിയും തയ്യാറാകണമെന്നും അവർ പറഞ്ഞു.

തിരഞ്ഞെടുപ്പ് ചട്ടലംഘനം : ശശി തരൂരിനെതിരെ പരാതി

തിരുവനന്തപുരം: തിരുവനന്തപുരത്തെ കോൺഗ്രസിന്റെ ലോക് സഭാ സ്ഥാനാർത്ഥി ഡോ. ശശി തരൂരിനെതിരെ ബി.ജെ.പി. ജില്ലാ പ്രസിഡന്റ് എസ്. സുരേഷ് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ടീക്കാ റാം മീണയ്ക്ക് പരാതി നൽകി. മത ചിഹ്നങ്ങൾ ഉൾപ്പെടുത്തിയുള്ള പോസ്റ്റർ പതിപ്പിക്കുക, വോട്ടർമാരെ സ്വാധീനിക്കാൻ ശ്രമിക്കുക എന്ന വകുപ്പുകൾ ചുമത്തി ഇന്നലെ ഉച്ചയ്ക്കാണ് പരാതി നൽകിയത്. ശശി തരൂർ എഴുതിയ 'ഞാൻ എന്തുകൊണ്ടൊരു ഹിന്ദുവാണ്' (വൈ ഐ ആം എ ഹിന്ദു) പുസ്തകത്തിന്റെപുറംചട്ടയുടെഫോട്ടോയും ഗണപതിയുടെ ചിത്രവുമെല്ലാം തിരഞ്ഞെടുപ്പ് പോസ്റ്ററുകളിൽ ഉപയോഗിച്ചെന്നാണ് പരാതി. തനിക്കെതിരെ കുപ്രചരണങ്ങൾ നടത്തുന്നുവെന്ന് ആരോപിച്ച് ബി.ജെ.പി സംസ്ഥാന പ്രസിഡന്റ് ശ്രീധരൻ പിള്ളയ്ക്കെതിരെ ശശി തരൂർ നേരത്തെ പരാതി നൽകിയിട്ടുണ്ട്.

വടകര പാർലമെന്റ് മണ്ഡലത്തിൽ യു.ഡി.എഫ് സ്ഥാനാർത്ഥിയായി കെ. മുരളീധരനെ പ്രഖ്യാപിച്ച ശേഷം വട്ടിയൂർക്കാവ് കോൺഗ്രസ് നിയോജകമണ്ഡലം കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ശാന്തമംഗലം എൻ.എസ്.എസ് കരയോഗം ഹാളിൽ നൽകിയ യാത്രഅയപ്പിൽ പങ്കെടുക്കാനെത്തിയ അദ്ദേഹത്തെ ഡോ. ശശി തരൂർ വേദിയിലേക്ക് സ്വീകരിക്കുന്നു. ശാന്തമംഗലം മോഹനൻ സമീപം

പട്ടികജാതി ഡയറക്ടറേറ്റ് മാർച്ചും രാപ്പകൽ സത്യഗ്രഹവും

തിരുവനന്തപുരം : ഡോ. ബി. ആർ. അംബേദ്കർ സ്മാരക സൊസൈറ്റിയുടെ നേതൃത്വത്തിൽ നടന്ന പട്ടികജാതി ഡയറക്ടറേറ്റ് മാർച്ചും രാപകൽ സത്യഗ്രഹവും ആർ.എസ്.പി ദേശീയ സമിതി അംഗം കെ.എസ്. സനിൽകുമാർ ഉദ്ഘാടനം ചെയ്തു.

സംസ്ഥാന പ്രസിഡന്റ് കാച്ചാണി അജിത് അദ്ധ്യക്ഷത വഹിച്ചു. ആദിവാസി മലയരയൻ മഹാസഭ സംസ്ഥാന ജനറൽ സെക്രട്ടറി കള്ളിക്കാട് ശശികുമാർ, ഡോ. ബി. ആർ. അംബേദ്കർ സ്മാരക സൊസൈറ്റി സെക്രട്ടറി സീതാദേവി, ട്രഷറർ കെ. ജി. ശാന്തമ്മ തുടങ്ങിയവർ പങ്കെടുത്തു.

എച്ച്.എസ്.എസ്.ടി ഉദ്യോഗാർത്ഥി യോഗം

തിരുവനന്തപുരം: കൊല്ലം, തിരുവനന്തപുരം ജില്ലകളിലെ എല്ലാ വിഷയങ്ങളിലും പി.എസ്.സി പരീക്ഷ എഴുതിയ ഉദ്യോഗാർത്ഥികളുടെ യോഗം തിരുവനന്തപുരം , കനകക്കുന്നിൽ 21 ന് രാവിലെ 11 ന് നടത്തുന്നു. ഫോൺ: 9562322490, 8281601395

ഇ.എം.എസ് അനുസ്മരണദിനത്തിൽ നിയമസഭയ്ക്ക് മുന്നിലുള്ള ഇ.എം.എസ് പ്രതിമയിൽ മുഖ്യമന്ത്രി പിണറായി വിജയൻ പുഷ്പചക്രം അർപ്പിക്കുന്നു. വി.എസ്. അച്യുതാനന്ദൻ , കോടിയേരി ബാലകൃഷ്ണൻ, സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ, മന്ത്രി കടകംപള്ളി സുരേന്ദ്രൻ, എ. സമ്പത്ത്, എം. വിജയകുമാർ, ഇ.എം.എസിന്റെ മകൾ ഇ.എം. രാധ തുടങ്ങിയവർ സമീപം

പൂന്തുറ പഴയ ശ്രീധർമ്മശാസ്താ ക്ഷേത്ര മഹോത്സവം

തിരുവനന്തപുരം: പൂന്തുറ പഴയ ശ്രീധർമ്മശാസ്താ ക്ഷേത്രത്തിലെ പൈങ്കുനി ഉത്രം മഹോത്സവവും പ്രതിഷ്ഠാവാർഷികവും 21, 22 തീയതികളിൽ ക്ഷേത്രം തന്ത്രി ഗണേശൻ പോറ്റിയുടെ മുഖ്യകാർമ്മികത്വത്തിൽ നടക്കും.

21 ന് രാവിലെ,5.30ന് മഹാഗണപതി ഹോമം, 6.30ന് ഉഷപൂജ, 8ന് നെയ്യഭിഷേകം, 8.45ന് നവകം, 9.30ന് പൊങ്കാല, ഉച്ചയ്ക്ക് 12.15ന് പൊങ്കാല നിവേദ്യം, 12.30ന്ഉച്ചപൂജ, 12.40ന്ഉത്സവസദ്യ, വൈകിട്ട് 6.30ന് അലങ്കാര ദീപാരാധന, 7ന് പുഷ്പാഭിഷേകം, 7.45ന് ഭക്തിഗാനസുധ, 9ന് അത്താഴപൂജ, 22ന് രാവിലെ രാവിലെ 5ന് നിർമ്മാല്യദർശനം, 6ന് ന് മഹാഗണപതി ഹോമം, 6.30ന് ഉഷപൂജ, 8.30ന് നാഗർപൂജ, 9ന് പ്രഭാത ഭക്ഷണം, 10 ന് മഞ്ചപ്പാൽ, ഉച്ചയ്ക്ക് 12ന് ഉച്ചപൂജ, 2.30ന് തമ്പുരാൻ പൊങ്കാല, വൈകിട്ട് 3.30ന് മാടൻ തമ്പുരാൻ പൊങ്കാല, 4.30ന് ആയിരവില്ലി പൊങ്കാല, 6ന് യക്ഷിയമ്മ പൊങ്കാല, 6.30ന് അലങ്കാര ദീപാരാധന, രാത്രി 7ന് ദേവിക്ക് പൂഴട, 8.30ന് അത്താഴപൂജ, 10ന് ഗുരുസി.

കേരള നിർമ്മാണ തൊഴിലാളി കോൺഗ്രസ് ഐ.എൻ.ടി.യു.സി വട്ടിയൂർക്കാവ് നിയോജക മണ്ഡലം കൺവെൻഷൻ ജില്ലാ പ്രസിഡന്റ് തോംസൺ ലോറൻസ് ഉദ്ഘാടനം ചെയ്യുന്നു. ശാന്തമംഗലം വനജൻ,കാവല്ലൂർ മധു,അഭിലാഷ് ബാലകൃഷ്ണൻ,തൊഴവൻകോട് വിജികുമാർ,അജയൻ എന്നിവർ സമീപം

ശ്രീവരാഹം ശ്യാം കൊലക്കേസ്: മെന്റൽ അർജുൻ റിമാൻഡിൽ

തിരുവനന്തപുരം: ശ്രീകണ്ഠേശ്വരം പുന്നപുരം സ്വദേശി ശ്യാമിനെ (മണിക്കുട്ടൻ) കുത്തിക്കൊന്ന കേസിലെ പ്രതിയായ പാപ്പനംകോട്സി.എസ്.ഐ.ആറിന് സമീപം ചവിണിച്ചിവിള കൃപാഭവനിൽ താമസിക്കുന്ന ചന്തു എന്ന മെന്റൽ അർജ്ജുനെ കോടതി റിമാൻഡ് ചെയ്തു.

14ന് രാത്രി10.30 നാണ് കേസിനാസ്പദമായ സംഭവം. പ്രതികൾ ശ്യാമിന്റെ ശ്രീവരാഹത്തെ ബന്ധു വീടിന് സമീപം നിരന്തരം മദ്യപിച്ച് ബഹളം ഉണ്ടാക്കുന്നതിനെ ശ്യാമും ബന്ധുക്കളായ ഉണ്ണിക്കണ്ണൻ, ചിക്കു എന്നിവരും ചേർന്ന് പലതവണ വിലക്കിയിരുന്നു.

സംഭവദിവസം മദ്യപിച്ച് ബഹളമുണ്ടാക്കിയപ്രതികളെചോദ്യം ചെയ്യാൻ ചെന്ന ശ്യാമിനെയും സംഘത്തെയും അർജ്ജുൻ കുത്തിപരിക്കേല്പിക്കുകയായിരുന്നു.

ആക്രമണത്തിൽ ശ്യാംകൊല്ലപ്പെടുകയും ചിക്കുവിനും ഉണ്ണിക്കണ്ണനും ഗുരുതരമായി പരിക്കേൽക്കുകയും ചെയ്തിരുന്നു.

കൂടുതൽ പ്രാദേശിക വാർത്തകൾ പേജ് 3, 5

മൂന്നു കിലോ കഞ്ചാവുമായി യുവാക്കൾ പിടിയിൽ

തിരുവനന്തപുരം :നഗരത്തിൽ രാജാജിനഗർകേന്ദ്രീകരിച്ച്വൻതോതിൽ കഞ്ചാവ് വില്പന നടത്തി വന്ന സംഘത്തിലെ രണ്ടുപേർ പിടിയിൽ.

തൈക്കാട് രാജാജി നഗർ ഷെഡ് 38ൽ ഷബീക്ക് (22), മേലാറന്നൂർ എൻ.ജി.ഒ. കോട്ടേഴ്സിൽ 12/135ൽ കൃഷ്ണപ്രസാദ് (22) എന്നിവരെയാണ് മൂന്ന കിലോ കഞ്ചാവുമായി കന്റോൺമെന്റ് പൊലീസ് അറസ്റ്റ ചെയ്തത്.

അറസ്റ്റിലായ പ്രതികൾ

തലസ്ഥാനനഗരത്തിൽ വർദ്ധിച്ചവരുന്ന ഗുണ്ടാ - മയക്ക് മരുന്ന് മാഫിയയെ പൂട്ടാൻ പൊലീസ് ആസൂത്രണം ചെയ്ത ഓപ്പറേഷൻ ബോൾട്ടിനെ തുടർന്ന് നടത്തിയ റെയ്ഡിലാണ് ഇവർ പിടിയിലായത്. രാജാജി നഗറിൽ കഞ്ചാവ് സൂക്ഷിച്ചിരിക്കുന്നതായി കിട്ടിയ രഹസ്യ വിവരത്തെത്തുടർന്ന് കന്റോൺമെന്റ് എസ്.ഐ. എം. അനിൽ കുമാറിന്റെ നേതൃത്വത്തിലുള്ള പൊലീസ് സംഘവും ഷാഡോ പൊലീസും ചേർന്ന് നടത്തിയ തെരച്ചിലിലാണ് കഞ്ചാവ് പിടിച്ചെടുത്ത്.

കോടതിയിൽ ഹാജരാക്കിയ പ്രതികളെ റിമാൻഡ് ചെയ്തു.

ക്ഷീരമേഖലയിൽ സോഷ്യൽ ഓഡിറ്റ് അനിവാര്യം: ക്ഷീര കർഷക കോൺഗ്രസ്

തിരുവനന്തപുരം : ക്ഷീര കർഷകർക്കായി മിൽമയും സർക്കാരും ക്ഷീരസംഘങ്ങൾ വഴിയും സർക്കാർ സ്ഥാപനങ്ങൾ വഴിയും നൽകുന്ന ധനസഹായം ക്ഷീര കർഷകർക്ക് ലഭിക്കുന്നുണ്ടോയെന്നും ക്ഷീര കർഷകരിൽ നിന്നും സംഘങ്ങൾ ഈടാക്കുന്ന അംശാദായത്തുക, ക്ഷേമനിധിബോർഡിൽഅടയ്ക്കുന്നുണ്ടോയെന്ന് ഓഡിറ്റ് നടത്തണമെന്നും വേനൽക്കാല ഇൻസന്റീവ് വർദ്ധിപ്പിച്ച് കർഷകരെ സഹായിക്കണമെന്നും ക്ഷീര കർഷക കോൺഗ്രസ് ഐ.എൻ.ടി.യു.സി ജില്ലാ കമ്മിറ്റി നേതൃയോഗം സർക്കാരിനോടും വകുപ്പുമന്ത്രിയോടും ആവശ്യപ്പെട്ടു.

ജില്ലാ പ്രസിഡന്റ് അയിര എസ്. സലിംരാജ് ഉദ്ഘാടനം ചെയ്തയോഗത്തിൽ മിൽമ ഡയറക്ടർ എസ്. അയ്യപ്പൻ നായർ, ആനത്താനം രാധാകൃഷ്ണൻ, കടക്കുളം രാധാകൃഷ്ണൻ, തോന്നയ്ക്കൽ റഷീദ്, സുദേവകുമാർ, ജയപ്രസാദ്, അമ്പുരി സുരേഷ്, മൂന്നാംമൂട് വേണു, ജിതേന്ദ്രൻ, കുന്നിൽ ശശി, അരുവിക്കര സലാം, മുരുകൻ, പ്രവീൺ രാജ്, ചെങ്കവിള ഗമാലി, മഞ്ജുഷ എന്നിവർ സംസാരിച്ചു.

വലിയതുറയിൽ കടൽക്ഷോഭത്തെത്തുടർന്ന് കടൽഭിത്തികൾ തകർത്ത് കരയിലേക്ക് തിരമാലകൾ അടിച്ചുകയറുന്നു

ഫോട്ടോ: അജയ്മധു

സി.പി.എം പരോക്ഷമായി മോദിയെ സഹായിക്കുന്നു: ഉമ്മൻചാണ്ടി

തിരുവനന്തപുരം: കേന്ദ്രം ഭരിക്കുന്നവരെ കണ്ടെത്താൻ മാത്രമല്ല ഇക്കുറി തിരഞ്ഞെടുപ്പ് നടക്കുന്നത്. മറിച്ച് ജനാധിപത്യവും മതേതരത്വവും സ്വാതന്ത്ര്യവും സംരക്ഷിക്കാനുള്ള സുപ്രധാന തിരഞ്ഞെടുപ്പാണിതെന്നും ഉമ്മൻചാണ്ടി പറഞ്ഞു.

ഡോ. ശശി തരൂരിന്റെ തിരഞ്ഞെടുപ്പ് കൺവെൻഷൻ കാർത്തികതിരുനാൾ തിയേറ്റർഹാളിൽഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കൂടുതൽ സംസാരിക്കും. ഒന്നും ചെയ്യില്ലെന്നതാണ്പ്രധാനമന്ത്രി മോദിയുടെ പ്രത്യേകത. അഞ്ചുവർഷത്തെ ഭരണത്തിൽ ജനങ്ങൾക്ക് ഒരു പ്രയോജനവുമുണ്ടായില്ല. സംസ്ഥാനത്ത് പ്രളയമുണ്ടായി സർവതും നശിച്ചപ്പോൾ 700 കോടി രൂപയുടെ സഹായം ഗൾഫ്രാജ്യം വാഗ്ദാനം ചെയ്തത് വാങ്ങാനും അദ്ദേഹം സമ്മതിച്ചില്ല. കേരളത്തിൽ അവരുടെ പാർട്ടിക്ക് ഒരു അടിസ്ഥാനവും ഉണ്ടാക്കാൻ കഴിയാത്തതിന്റെ വെറുപ്പാണദ്ദേഹം പ്രകടിപ്പിച്ചത്. ഈ തിരഞ്ഞെടുപ്പിൽ കോൺഗ്രസിന്റെ എതിരാളി ബി.ജെ.പിയും നരേന്ദ്രമോദിയുമാണ്. എന്നാൽ മതേതരത്വവും ജനാധിപത്യവും സംരക്ഷിക്കാനുള്ള ഈ പോരാട്ടത്തിൽ മോദിയെ പരോക്ഷമായി സഹായിക്കുന്ന നിലപാടാണ് സി.പി.എമ്മിന്. കോൺഗ്രസിന് സീറ്റുകൾ